**ഭാരതീയ റിസർവ്വ് ബാങ്ക്**
**www.rbi.org.in**

RBI/2019-20/07
DCM (CC) No.G-5/03.44.01/2019-20 ജൂലായ് 01, 2019

ചെയർമാൻ & മാനേജിങ് ഡയറക്ടർ/
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
എല്ലാ ബാങ്കുകളും

**മാസ്റ്റർ സർക്കുലർ - പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിലെ അപാകത അടിസ്ഥാനമാക്കി ബാങ്ക് ശാഖകൾക്ക് പിഴ ചുമത്താനുള്ള വ്യവസ്ഥ**

പിഴ ചുമത്താനുള്ള വ്യവസ്ഥ എന്ന വിഷയത്തിൽ 2018 ജൂലായ് 03 ലെ ഡിസിഎം (സിസി) നം.ജി-4/03.44.01/2018-19 നമ്പർ ആയി പുറപ്പെടുവിച്ച സർക്കുലർ ദയവായി കാണുക.

2. ഈ വിഷയത്തിൽ പുതുക്കിയതും സമകാലിക വിവരങ്ങൾ ഉൾകൊള്ളിച്ചതുമായ വ്യാഖ്യാനം താങ്കളുടെ അറിവിലേക്കും ആവശ്യമായ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

3. പുതുക്കിയ മുഖ്യ സർക്കുലർ ഭാരതീയ റിസർവ്വ് ബാങ്കിന്റെ വെബ് സൈറ്റായ www.rbi.org.in ൽ ലഭ്യമാണ്.

വിശ്വസ്തതയോടെ

(മനാസ് രഞ്ജൻ മൊഹന്തി)
ചീഫ് ജനറൽ മാനേജർ

ഉള്ളടക്കം. മുകളിൽ സൂചിപ്പിച്ചത്

**അനുബന്ധം**

## പൊതുജനങ്ങൾക്ക് കസ്റ്റമർ സർവീസ് നൽകുന്നതിലുള്ള പ്രവർത്തനവൈകല്യങ്ങളെ അടിസ്ഥാനമാക്കി കറൻസി ചെസ്റ്റ് ഉൾപ്പെടെയുള്ള ബാങ്ക് ശാഖകൾക്കുമേൽ ചുമത്താവുന്ന പിഴയെ കുറിച്ചുള്ള മുഖ്യ സർക്കുലർ

1. കറൻസി ചെസ്റ്റ് ഉൾപ്പെടെയുള്ള ബാങ്ക് ശാഖകൾക്കുമേൽ ചുമത്താവുന്ന പിഴയ്ക്ക് രൂപം കൊടുത്തിട്ടുള്ളത് നിർമ്മല നോട്ട് നയത്തിന്റെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി പൊതുജനങ്ങൾക്ക് നോട്ടുകളും നാണയങ്ങളും മാറ്റികൊടുക്കുന്നതിൽ ബാങ്ക് ശാഖകൾ മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുന്നത് ഉറപ്പാക്കാൻ വേണ്ടിയാണ്.

2. **പിഴകൾ**

നോട്ടുകളും നാണയങ്ങളും മാറ്റികൊടുക്കുമ്പോൾ/ റിസർവ് ബാങ്കിലേക്കുള്ള റെമിറ്റൻസിൽ/ കറൻസി ചെസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന കുറവുകൾക്ക് ചുമത്തേണ്ട പിഴകൾ താഴെ വിവരിക്കുന്നു.

| ക്രമ നം. | ക്രമക്കേടിന്റെ സ്വഭാവം | പിഴ |
|---|---|---|
| i. | മുഷിഞ്ഞ നോട്ട് റെമിറ്റൻസിലും കറൻസി ചെസ്റ്റ് നീക്കിയിരിപ്പുകളിലും ഉള്ള കുറവ് | **50 രൂപ വരെയുള്ള നോട്ടുകൾ**<br>നഷ്ടവും കൂടാതെ ഓരോ നോട്ടിനും 50 രൂപ**യും**<br>**100 രൂപയും അതിനുമുകളിലുമുള്ള നോട്ടുകൾ**<br>നഷ്ടവും കൂടാതെ ഓരോ നോട്ടിനും അതിന്റെ മൂല്യത്തിന് തുല്യമായ തുകയും<br><br>മുഷിഞ്ഞ നോട്ട് റെമിറ്റൻസിലും ചെസ്റ്റ് നീക്കിയിരിപ്പുകളിലും കുറവുള്ള/ നഷ്ടപ്പെട്ട തുക ഉടനടി വസൂലാക്കണം<br><br>മുഷിഞ്ഞ നോട്ട് റെമിറ്റൻസിലും ചെസ്റ്റ് നീക്കിയിരിപ്പിലും കുറവ് കണ്ടു പിടിച്ചാൽ നോട്ടുകളുടെ എണ്ണം നോക്കാതെ ഉടൻ തന്നെ പിഴ ചുമത്തണം |
| ii. | മുഷിഞ്ഞ നോട്ട് റെമിറ്റൻസിലും ചെസ്റ്റ് നീക്കിയിരിപ്പിലും കള്ളനോട്ടുകൾ കണ്ടെത്തിയാൽ | ബാങ്കുകളുടെ ചെസ്റ്റ് നീക്കിയിരിപ്പിൽ/ മുഷിഞ്ഞ നോട്ടു റെമിറ്റൻസിൽ റിസർവ് ബാങ്ക് കള്ളനോട്ടുകൾ കണ്ടുപിടിച്ചാൽ 2019 ജൂലൈ 1 ലെ DCM സർക്കുലർ DCM (FNVD) No.G-1 /16.01.05/2019-20 അനുസരിച്ചു പിഴ ചുമത്തണം |

| | | |
|---|---|---|
| iii. | മുഷിഞ്ഞ നോട്ട് റെമിറ്റൻസിലും ചെസ്റ്റ് നീക്കിയിരിപ്പിലും വികലമാക്കിയ നോട്ടുകൾ കണ്ടെത്തിയാൽ | നോട്ടിന്റെ വർഗം നോക്കാതെ ഒരെണ്ണത്തിന് 50 രൂപ.<br>കണ്ടെത്തിയ നോട്ടുകളുടെ എണ്ണം കണക്കാക്കാതെ നഷ്ടം ഉടനടി വസൂലാക്കണം. |
| iv. | കറൻസി ചെസ്റ്റുകൾക്കുള്ള പ്രവർത്തന മാർഗ്ഗരേഖകൾ പാലിക്കാതിരിക്കൽ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ പെടുമ്പോൾ<br>a) CCTV പ്രവർത്തിക്കാതിരിക്കുക<br>b) ശാഖയുടെ പണവും പ്രമാണങ്ങളും സ്ട്രോങ്ങ് റൂമിൽ സൂക്ഷിക്കുക<br>c) നോട്ടുകൾ തരംതിരിച്ചു വയ്ക്കാൻ സോർട്ടിങ് യന്ത്രങ്ങൾ (NSMs) ഉപയോഗിക്കാതിരിക്കുക (കൗണ്ടറിൽ ലഭിക്കുന്ന ഉയർന്ന മൂല്യമുള്ള നോട്ടുകളും ചെസ്റ്റിലേക്ക്/ റിസർവ് ബാങ്കിലേക്ക് അയക്കുന്ന നോട്ടുകളും തരംതിരിക്കാൻ NSMs ഉപയോഗിക്കാതിരിക്കുക.) | ഓരോ ക്രമക്കേടിനും 5000 രൂപ പിഴ<br><br>ആവർത്തിക്കുന്ന ഓരോ ക്രമക്കേടിനും 10000 രൂപ<br><br>പിഴ ഉടനടി വസൂലാക്കണം. |
| v. | റിസർവ് ബാങ്കുമായുള്ള കരാറിലെ ഏതങ്കിലും വ്യവസ്ഥ ലംഘിക്കൽ (കറൻസി ചെസ്റ്റ് തുറക്കുന്നതിനും പരിപാലിക്കുന്നതിനും) അല്ലെങ്കിൽ നോട്ട് മാറ്റികൊടുക്കുന്ന സേവനങ്ങളിൽ റിസർവ് ബാങ്ക് വീഴ്ച കണ്ടെത്തുമ്പോൾ. ഉദാഹരണത്തിന്,<br>a) നാണയ ശേഖരം ഉണ്ടായിട്ടും പൊതുജനങ്ങൾക്ക് നാണയം കൊടുക്കാതിരിക്കുക<br>b) ഒരു ബാങ്ക് ശാഖ പൊതുജനങ്ങൾക്ക് ആർക്കെങ്കിലും മുഷിഞ്ഞ നോട്ട് മാറ്റികൊടുക്കാതിരിക്കുക / വികലമായ നോട്ടുകൾ അഡ് ജൂഡികേറ്റ് ചെയ്യുവാൻ ഒരു ചെസ്റ്റ് ശാഖ വിസമ്മതിക്കുക<br>c) ചെസ്റ്റ് ശാഖകളിൽ പണം സൂക്ഷിപ്പുമായി ബന്ധമില്ലാത്ത ഉദ്യോഗസ്ഥർ രണ്ടുമാസത്തിലൊരിക്കലും നിയന്ത്രണകാര്യാലയത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ അർദ്ധ വാർഷികമായും ചെസ്റ്റ് നീക്കിയിരിപ്പിന്മേൽ മിന്നൽ പരിശോധന നടത്താതിരിക്കൽ | ഏതൊരു കരാർ ലംഘനത്തിനും അല്ലെങ്കിൽ സേവന പോരായ്മക്കും പിഴ 10000 രൂപ.<br><br>ഇങ്ങനെയുള്ള സംഭവങ്ങൾ 5 എണ്ണത്തിൽ കൂടുതൽ ഉണ്ടെങ്കിൽ ശാഖയ്ക്ക് 5 ലക്ഷം രൂപ പിഴ.<br><br>ഇങ്ങനെയുള്ള പിഴ ചുമത്തൽ പൊതുജന ശ്രദ്ധയിൽ എത്തിക്കുകയും വേണം.<br><br>പിഴത്തുക താമസംവിനാ വസൂലാക്കേണ്ടതാണ്. |

| | | |
|---|---|---|
| | d) യോജിപ്പിച്ചിട്ടുള്ള മറ്റു ബാങ്കുകളുടെ ശാഖകൾക്കു സൗകര്യങ്ങൾ സേവനങ്ങൾ നിഷേധിക്കൽ<br>e) യോജിപ്പിച്ചിട്ടുള്ള ബാങ്ക് ശാഖകളും പൊതുജനങ്ങളും ഹാജരാക്കുന്ന 50 രൂപയുടെയും അതിനു താഴെയുമുള്ളനോട്ടുകൾ സ്വീകരിക്കാതിരിക്കൽ<br>f) കറൻസി ചെസ്റ്റ് ബ്രാഞ്ചുകൾ തയ്യാറാക്കുന്ന പുനർ വിതരണത്തിനുള്ള നോട്ട് പാക്കറ്റുകളിൽ കലമായ/കള്ള നോട്ടുകൾ കണ്ടെത്തൽ | |
| | | |

**3. പിഴ ചുമത്തൽ പ്രവർത്തികമാക്കൽ മാർഗ്ഗരേഖ -**

**3.1 യോഗ്യതയുള്ള അധികാരി - ക്രമക്കേടിന്‌റെ സ്വഭാവം തീരുമാനിക്കുന്നതിനുള്ള** പ്രാപ്തനായ അധികാരി ചെസ്റ്റ് ശാഖ/ ബാങ്ക് ശാഖ ഉൾപ്പെടുന്ന റീജിയണൽ ഓഫീസിലെ ഇഷ്യൂ വിഭാഗത്തിന്‌റെ തലവനായ ഓഫീസർ ആയിരിക്കും.

**3.2 അപ്പീൽ അധികാരി –**

**i.** യോഗ്യതയുള്ള അധികാരിയുടെ തീരുമാനത്തിനെതിരെ കറൻസി ചെസ്റ്റിന്‌റെ/ ശാഖയുടെ നിയന്ത്രണ കാര്യാലയത്തിന് ബന്ധപ്പെട്ട റീജിയണൽ ഓഫീസിന്‌റെ റീജിയണൽ ഡയറക്റ്റർ/ ചീഫ് ജനറൽ മാനേജർ/ ചാർജ് വഹിക്കുന്ന ഓഫീസർ എന്നിവർക്ക് തുക കിഴിവ് ചെയ്ത തീയതി മുതൽ ഒരു മാസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതും അദ്ദേഹത്തിന് അത് അനുവദിക്കുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതുമാണ്.

**ii.** ഉദ്യോഗസ്ഥർ പുതിയവർ/ പരിശീലനം ലഭിക്കാത്തവർ, ഉദ്യോഗസ്ഥരുടെ അവബോധം ഇല്ലായ്മ, പരിഹാര നടപടികൾ എടുത്തിട്ടുണ്ട്, എടുക്കും തുടങ്ങിയ കാരണങ്ങൾ പിഴ ഇളവ് ചെയ്യുന്നതിന് പരിഗണിക്കുന്നതല്ല.

--------------------------